പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.386 | 28.05.2019 ൽ മറുപടിയ്ക്ക്

# സപ്ലൈകോ ചില്ലറ വില്പനശാല

ചോദ്യം

ശ്രീ.കെ.എൻ.എ ഖാദർ

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിൽ സപ്ലൈകോ ചില്ലറ വില്പനശാല ആരംഭിക്കുന്നതിനായി കെട്ടിടം ലഭ്യമാകാത്തതിനാൽ മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വനിതാ വ്യവസായകേന്ദ്രത്തിലെ രണ്ടു മുറികൾ താല്ക്കാലികമായി കൈമാറി സപ്ലൈകോ ചില്ലറ വില്പനശാല പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ ഒതുക്കങ്ങൽ ഗ്രാമ പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്ന വിഷയത്തിൽ സാധ്യതാ പഠനം നടത്തി വരുന്നു. മലപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വനിതാ വ്യവസായ കേന്ദ്രത്തിലെ മുറികൾ സപ്ലൈകോയ്ക്ക് കൈമാറുകയോ ആയത് കൈമാറാമെന്ന് അറിയിച്ചുകൊണ്ടുള്ള വിവരങ്ങളോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്കും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സപ്ലൈകോ ചില്ലറ വില്പനശാല വനിതാ വ്യവസായകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന പക്ഷം ആയതിന്റെ നടത്തിപ്പ് വനിതകളെ ഏല്പിക്കുന്നതിന് പഞ്ചായത്ത് തയ്യാറാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ചെയ്യുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സപ്ലൈകോ ചില്ലറ വിൽപ്പന ശാലകളുടെ നടത്തിപ്പ് മറ്റ് ഏജൻസികളെയോ വ്യക്തികളെയോ ഏൽപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ